(സി) മണ്ണൊലിപ്പു ഉണ്ടാകാതിരിക്കുവാൻ വേണ്ടി ഒരു പദ്ധതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണു്. മലംപുഴ പദ്ധതിയുടെ പത്തുചെയിൻ വിസ്തൃതിയിലുള്ള സ്ഥലം കൈവശപ്പെടുത്തി അവിടെ ഒരു പ്രത്യേകതരം സസ്യം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഗണ്യമായ തോതിൽ ഇല്ല എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് എന്താണു് ഉദ്ദേശിച്ചിരിക്കുന്നതു്, മണ്ണുവീണു ഉയർന്നു ഒരു ദ്വീപു ആയിട്ടില്ല എന്നാണോ? നദിയുടെ അരുപ്രദേശങ്ങളും അഗണ്യമായ തോതിലെങ്കിലും പോകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസു്: അതാണു് സി, യുടെ ഉത്തരത്തിൽ പറഞ്ഞതു്. അതായതു് അണക്കെട്ടിന്റെ പത്തുചെയിൻ വിസ്തൃതിയിലുള്ള സ്ഥലം കൈവശപ്പെടുത്തി പ്രത്യേക തരം സസ്യം നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞതു്.

ശ്രീ. പി. നാരായണൻനമ്പി: ഇതുമാതിരി മണ്ണുവീണു നികന്നിട്ടുള്ള സ്ഥലങ്ങളിൽ പോർട്ടബിൾ ഡ്രെഡ്ജറോ മറ്റോ കൊണ്ടുവന്നു മണ്ണുമാറ്റുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അങ്ങനെ അപകടകരമായിട്ടു നികന്നിട്ടുണ്ടെങ്കിൽ ഏതു രീതിയിലായാലും അതു പരിഹരിക്കുന്നതിനുനോക്കാം.

WRITTEN ANSWERS

അരിവില.

* 748. [15] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരസ്യകമ്പോളത്തിൽ അരിവില കുറയ്ക്കുന്നതിനായി സക്കാരിൽനിന്നും ഇതിനകം ഏതൊക്കെയാം നടപടികളാം സ്വീകരിച്ചിട്ടുണ്ടു് ;

(ബി) ഇക്കൊല്ലത്തെ നെൽവിളവു് മെച്ചപ്പെട്ടതാണോ അല്ലയോ എന്ന വിവരം സക്കാർ ലവലിൽ അന്വേഷണം നടത്തി വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) കേന്ദ്രത്തിൽനിന്നും കേരളത്തിനു് കൂടുതൽ അരി അനുവദിച്ചിട്ടുണ്ടോ ;

(ഡി) 1963 ഡിസംബർ, 1964 ജനുവരി എന്നീ മാസങ്ങളിൽ എത്രടൺ അരി കേന്ദ്രത്തിൽനിന്നും കിട്ടി?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അരിവില കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികളാം ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടു്.

1. സംസ്ഥാനത്തെ ന്യായവിലഷാപ്പുകളാംവഴി ഒരു നിശ്ചിത വിലയ്ക്കും നിശ്ചിതഅളവിലും അരിവിതരണം നടത്തുന്നുണ്ടു്. കൂടാതെ ഉപഭോക്താക്കളുടെ ആവശ്യാനുസരണം ഗോതമ്പും ഗവണ്മെൻറിനു ലാഭനഷ്ടങ്ങളുംകൂടാതെ ന്യായവിലഷാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്നുണ്ടു്.

2. അരിദൗർല്ലഭ്യം അനുഭവപ്പെടുന്ന അവസരങ്ങളിൽ ന്യായവിലഷാപ്പുകളിൽക്കൂടെയുള്ള അരിവിതരണത്തിന്റെ തോതു് ഇരട്ടിപ്പിക്കാറുണ്ടു്. കൂടാതെ ഓണം, ക്രിസ്മസ് തുടങ്ങിയ വിശേഷദിവസങ്ങളിലും കൂടുതലായി വിതരണം ചെയ്യുന്നതിനു് പ്രത്യേകമായി അരി അനുവദിക്കാറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

3. കമ്പോളത്തിൽ ഭക്ഷ്യധാന്യങ്ങളും ധാരാളമായി ഇറക്കുമതിചെയ്യുന്നതിനും ബാങ്കുകളുമുഖേന വ്യാപാരികൾക്കും വായ്പാസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്.

4. അരിയുടെ മൊത്തവിലയും ചില്ലറവിലയും വ്യാപാരികൾ അവരുടെ കച്ചവടസ്ഥലത്തു് പ്രദർശിപ്പിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്.

5. അരി കേരളത്തിലേക്കു് വേണ്ടതു കയറ്റുമതിചെയ്യുന്നതിനു് ആവശ്യമായ റെയിൽവേ വാഗണുകളും ലഭിക്കുന്നതിനുവേണ്ടി അപ്പോഴപ്പോൾ റെയിൽവേ അധികൃതരുമായി സമ്പർക്കം പുലർത്തുന്നതിനു് ഒരു സ്പെഷ്യൽ ആഫീസറെ വിജയവാഡയിൽ നിയമിച്ചിട്ടുണ്ടു്. ഇതിനുപുറമേ ആവശ്യമെന്നുതോന്നുന്ന അവസരങ്ങളിൽ ഗവണ്മെൻറു് നേരിട്ടു റെയിൽവേ അധികൃതരുമായി സമ്പർക്കം പുലർത്തി വാഗൺസൌകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ടു്.

6. പത്തു കിൻറലോ അതിലധികമോ ഭക്ഷ്യധാന്യങ്ങൾ സ്റ്റാക്കു ചെയ്യുന്ന വ്യാപാരികൾ 1963–ലെ ഫുഡ് ഗ്രെയിൻസ് ഡീലേഴ്സ് ലൈസൻസിംഗ് ആർഡർ അനുസരിച്ചു് ലൈസൻസ് എടുക്കേണ്ടതാണു്. കൂടാതെ വ്യാപാരികൾ അവരുടെ കൈവശമുള്ള സ്റ്റോക്കുവിവരം കാണിക്കുന്ന സ്റ്റേറ്റുമെൻറു് മാസത്തിൽ രണ്ടുതവണ അധികാരികൾക്കു് സമർപ്പിക്കേണ്ടതാണു്.

7. അത്യാവശ്യസാധനങ്ങൾ ന്യായവിലയ്ക്കു് വിതരണംചെയ്യുന്നതിനു് സംസ്ഥാനത്തുള്ള എല്ലാ ഡിസ്ട്രിക്ടുകളിലും ഉപഭോക്തൃഫോറംസെയിൽ സഹകരണസംഘങ്ങൾ രൂപീകരിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്യുകയും ഇതിനകം ചില ജില്ലകളിൽ അവയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ടു്.

(ബി) ഉണ്ടു്. 1963-64–ലെ ആകെ വിളവെടുപ്പു് 1962–63–ലേതിനെക്കാൾ മെച്ചപ്പെട്ടതായിരിക്കുമെന്നു റിപ്പോർട്ടു് ചെയ്തിട്ടുണ്ടു്.

(സി) ഉണ്ടു്. 1963 ഡിസംബർമാസത്തിൽ ഉണ്ടായ അരിവിലക്കയറ്റത്തെത്തുടർന്നു് ന്യായവിലഷാപ്പുകൾവഴി കൂടുതലായി അരി വിതരണം നടത്തുന്നതിനു് 5,000 ടൺ അരി സ്പെഷ്യൽ കോട്ടയായി ലഭിച്ചു.

(ഡി) 1963 ഡിസംബറിൽ ആകെ 17,686 മെടിക്കുടൺ അരിയും 1964 ജനുവരിയിൽ 15,869 മെടിക്കു ടൺ അരിയും ലഭിച്ചു.

ഹോം നേഴ്സിംഗ് പരിശീലനം കഴിഞ്ഞിട്ടുള്ളവർ.

* 749 [26] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോം നേഴ്സിംഗു് പരിശീലനം ലഭിച്ചിട്ടുള്ളവർക്കു് നേഴ്സിംഗു് പരിശീലനത്തിനു പുതുതായി പെൺകുട്ടികളെ എടുക്കുമ്പോൾ മുൻഗണന നൽകുന്നതിനു് ദയവായി നടപടിയെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

നേഴ്സിംഗിനു പെൺകുട്ടികളെ തിരഞ്ഞെടുക്കുന്നതു് പി. എസ്. സി. യാണു്. അതിനാൽ ഹോം നേഴ്സിംഗു് പരിശീലനം ലഭിച്ചവർക്കു മുൻഗണന നൽകുന്ന കാര്യം ഉദിക്കുന്നില്ല.

ലാൻഡു ഡവലപ്പുമെൻറിനു ചെലവാക്കിയ സംഖ്യ.

* 750. [27] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാൻഡു് ഡെവലപ്പുമെൻറു പരിപാടിയിൽ പാലക്കാടു ജില്ലയിൽ ഈ വർഷം ചെലവാക്കിയ സംഖ്യ എത്ര ; ഇതു് ആകെ നീക്കിവെച്ചിട്ടുള്ള സംഖ്യയുടെ എത്ര ശതമാനമാണു് ;

(ബി) ഈ ഇനത്തിൽ എടുത്തിട്ടുള്ള സ്കീമുകൾ ഏവ ; അവയുടെ പ്രവൃത്തി പുരോഗമിക്കാതിരിക്കുവാനുള്ള കാരണമെന്തു് ?

LIBRARY ARCHIVES Kerala Legislative Assembly